**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** **22-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ധനകമ്മി നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ കർശന നിർദ്ദേശം നല്കുമ്പോൾ ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവു വരുന്നത് ധനദൃഢീകരണ നടപടികളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനങ്ങളുടെ നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 15-ാം ധനകാര്യ കമ്മീഷൻ 1971 ലെ സെൻസസിനു പകരം 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ നികുതി വിഭജനം നടത്തിയതിനാൽ ജനസംഖ്യ നിയന്ത്രണത്തിൽ വളരെയധികം പുരോഗതി കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ, കോവിഡ് മഹാമാരി സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം സംസ്ഥാനങ്ങളുടെയും കേന്ദ്രസർക്കാരിന്റെയും നികുതി വരുമാനത്തിൽ ഗണ്യമായ കുറവിന് കാരണമായിട്ടുണ്ട്. നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവും കേന്ദ്ര സർക്കാർ GST Compensation യഥാസമയം സംസ്ഥാന സർക്കാരുകൾക്ക് നൽകുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസവും കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങൾക്കായി വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുകയും ഇത് ധനദൃഢീകരണ നടപടികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അശാസ്ത്രീയമായും യുക്തിരഹിതമായും നടപ്പാക്കിയ ജി.എസ്.ടി. സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി കുറച്ചതിനാൽ ഭരണഘടന ഭേദഗതി പ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം യഥാസമയം പൂർണമായും ലഭിക്കുന്നുണ്ടോ; | (ബി) | ജി.എസ്.ടി നടപ്പിലാക്കിയതുമൂലം നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് GST Compensation -ലൂടെ സംസ്ഥാനങ്ങൾക്ക് നൽകുന്നതിൽ കാലവിളംബം ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാർ GST Compensation – ൽ ഉണ്ടായിട്ടുള്ള കുറവ് ഗ്രാന്റായി നൽകുന്നതിനു പകരം സംസ്ഥാനങ്ങൾക്ക് Special Window Facility മുഖേന Back to Back |

| | | | |
|---|---|---|---|
| | | | വായ്പയായി നൽകി വരുന്നുണ്ട്. ഇതിലും കാലവിളംബമുണ്ട്. |
| (സി) | കോവിഡ് പ്രതിസന്ധി നേരിടാൻ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ട പ്രകാരം വായ്പാ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഉപാധികളാണ് ഇതിന് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ നിരന്തരമായ സമ്മർദ്ദങ്ങൾക്കൊടുവിൽ കേന്ദ്രം വായ്പാപരിധി വർദ്ധിപ്പിക്കാൻ നിർബന്ധിതമായിട്ടുണ്ട്. കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പപരിധി ജി.എസ്.ഡി.പിയുടെ 3 ശതമാനത്തിൽ നിന്നും പരമാവധി ജി.എസ്.ഡി.പിയുടെ 4.5 ശതമാനമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 2021-22 വർഷത്തേയ്ക്ക് മൂലധനചെലവിനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള 12,547 കോടി രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെ 0.50 ശതമാനം വായ്പയും 0.5 ശതമാനം വായ്പ ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് അനുസൃതമായിട്ടുമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ